എസ്.എൻ. ട്രസ്റ്റിന്റെയും എസ്.എൻ.ഡി.പി. യോഗത്തിന്റെയും കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

41 (1117) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ. ട്രസ്റ്റിന്റെയും എസ്.എൻ.ഡി.പി. യോഗത്തിന്റെയും മാനേജ്മെന്റിന് കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളത്;

(ബി) 2006-2011 കാലഘട്ടത്തിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി എസ്.എൻ.ഡി.പി.-യുടെ ക്രമപ്രകാരമുള്ള എത്ര അപേക്ഷകൾ ലഭിച്ചിരുന്നു എന്ന് അറിയിക്കാമോ;

(സി) ഇവയിൽ എത്ര എണ്ണത്തിന് അനുവാദം നൽകിയെന്നും അറിയിക്കാമോ;

(ഡി) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയുടെ സ്വകാര്യ മാനേജ്മെന്റിനുകീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അൺ എയ്ഡഡ് സ്കൂളുകളുടെ വിവരം

42 (1118) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., മറ്റ് അൺ എയ്ഡഡ് സ്കൂളുകൾ എന്നീ ക്രമത്തിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകാറില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 396 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 555 സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly